**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2835** **13-10-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ പോള ശല്യം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിൽ നീരൊഴുക്ക് തടഞ്ഞും ബോട്ടുകൾക്കും വള്ളങ്ങൾക്കും സഞ്ചരിക്കാൻ കഴിയാതെയും കൃഷിക്ക് തടസ്സമായും പോള നിറയുന്നത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | കുട്ടനാട്ടിലെ ജലാശയങ്ങളിൽ ചെളിയും മാലിന്യങ്ങളും പോളയും നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തികൾ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കുട്ടനാട് പാക്കേജ് ഫണ്ട് ഉപയോഗിച്ച് പാടശേഖരങ്ങളുടെ ബണ്ട് ബലപ്പെടുത്തുന്ന പ്രവൃത്തികളിൽ ബന്ധപ്പെട്ട ജലസ്രോതസ്സുകൾ ആഴം കൂട്ടുമ്പോൾ എസ്റ്റിമേറ്റിൽ ഒരു നിശ്ചിത തുക ആവശ്യമെങ്കിൽ പോള വാരലിനായി അനുവദിക്കാറുണ്ട്. പോള വാരുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് നിർദ്ദേശം നൽകുന്നതിനനുസരിച്ച് ഇറിഗേഷൻ വീഡ് ഹാർവെസ്റ്റർ ഉപയോഗിച്ച് പ്രസ്തുത സൈറ്റിൽ നിന്നും പായലുകൾ നീക്കം ചെയ്യാൻ പറ്റുമോ എന്ന സാധ്യതാപഠനം നടത്തുകയും സാധ്യമാണെങ്കിൽ ആയതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി നൽകുന്ന മുറയ്ക്ക് പോളകൾ നീക്കം ചെയ്യുകയാണ് ചെയ്യുന്നത്. കൂടാതെ കുട്ടനാട്ടിലെ നദികളിലേയും തോടുകളിലേയും പോള നീക്കി, അടിഞ്ഞുകൂടിയ മണ്ണും മറ്റ് മാലിന്യങ്ങളും മാറ്റി ഒഴുക്ക് സുഗമമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 105കോടി രൂപയുടെ 216 പ്രവൃത്തികൾ കണ്ടെത്തിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പോള അധികമുള്ള പ്രദേശങ്ങളിൽ സ്ഥല പരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കാവുന്നതാണ്. |
| (ബി) | പോള വാരലിന് കുട്ടനാട്ടിൽ നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കുമോ; | (ബി) | കുട്ടനാട് നിയോജക മണ്ഡലത്തിലെ നദികളിലും തോടുകളിലും അടിഞ്ഞുകൂടി കിടക്കുന്ന പോളകൾ നീക്കം ചെയ്യുന്നതിന് വേണ്ടി ടി.പി.ആർ തയ്യാറാക്കുന്നതിന്റെ വിവരശേഖരണത്തിലേക്കായി നിയോജക മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിരുന്നു. ടി പഞ്ചായത്തുകളിൽ നിന്ന് മറുപടി ലഭ്യമാകുന്ന മുറയ്ക്ക് |

| | | | |
|---|---|---|---|
| | | | ഡി.പി.ആർ. തയ്യാറാക്കി അനന്തര നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | പോള പൂർണ്ണമായും നീക്കം ചെയ്യുന്നതിന് കൂടുതൽ തുക അനുവദിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | പോള പൂർണ്ണായും നീക്കം ചെയ്യുന്നതിന് കൂടുതൽ തുക അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ